**മധുരമായ കുട്ടികളെ – ഓർമ്മിച്ചോർമ്മിച്ച് സുഖം നേടൂ, ബാബയെ ഓർമ്മിക്കൂ എങ്കിൽ ശരീരത്തിന്റെ കലഹ–ക്ലേശങ്ങൾ വിട്ടുപോകും, നിങ്ങൾ നിരോഗിയായി മാറും.**

**ചോദ്യം** – ഈ സമയം നിങ്ങൾ കുട്ടികൾ യുദ്ധ സ്ഥലത്താണ്, ജയത്തിന്റെയും പരാജയത്തിന്റെയും ആധാരം എന്താണ്?

**ഉത്തരം** – ശ്രീമതത്തിൽ നടക്കുന്നതിലൂടെ ജയം, തന്റെ മതം അഥവാ മറ്റുള്ളവരുടെ മതത്തിൽ നടക്കുന്നതിലൂടെ പരാജയം. ഒരു ഭാഗത്ത് രാവണ മതത്തിലുള്ളവർ, മറുഭാഗത്ത് രാമന്റെ മതത്തിലുള്ളവർ. ബാബ പറയുന്നു കുട്ടികളെ, രാവണൻ നിങ്ങളെ വളരെയധികം ഉപദ്രവിച്ചു. ഇപ്പോൾ നിങ്ങൾ എന്നിൽ ബുദ്ധിയോഗം വെക്കൂ എങ്കിൽ വിശ്വത്തിന്റെ അധികാരിയായി മാറും. അഥവാ കാരണത്താലോ അകാരണത്താലോ തന്റെ മതത്തിലൂടെ നടന്നു അല്ലെങ്കിൽ പ്രശ്നത്തിൽ വന്നു, പഠിപ്പ് ഉപേക്ഷിച്ചു എങ്കിൽ മായ മുഖം തിരിപ്പിക്കും, അതിനാൽ വളരെ വളരെ ജാഗ്രതയോടെയിരിക്കണം.

**ഗീതം** – നോക്കൂ നിന്റെ ലോകത്തിന്റെ അവസ്ഥ........

**ഓം ശാന്തി.** മനുഷ്യന് എത്ര മാറേണ്ടതുണ്ട്. ഇത് കേവലം നിങ്ങൾ ബ്രാഹ്മണ കുട്ടികൾക്ക് മാത്രമേ അറിയാൻ സാധിക്കൂ. അതിനാൽ മനുഷ്യൻ എത്ര ഉയരത്തിലേക്കാണ് പോകാൻ സാധിക്കുന്നത് പിന്നീട് അതേ മനുഷ്യൻ എത്ര തഴ്ന്നതിലും താഴ്ന്നതായി മാറുന്നു. മനുഷ്യൻ സത്യയുഗീ സതോപ്രധാന വിശ്വത്തിന്റെ അധികാരിയായി മാറുന്നു അതേ മനുഷ്യൻ തന്നെ തമോപ്രധാനമായ നയാ പൈസക്ക് വിലയില്ലാത്തവരായി മാറുന്നു. ഇതെല്ലാം പരിധിയില്ലാത്ത ബാബയിലൂടെ നിങ്ങൾ അറിയുന്നു. ഒരേയൊരു പതിത പാവനനാണ് സദ്ഗതി ദാതാവ്. അവർ തന്നെയാണ് പാവനമാക്കി മാറ്റുന്നത്. പിന്നീട് രാവണൻ പതിതമാക്കി മാറ്റുന്നു. പിന്നീട് പരംപിതാ പരമാത്മാവ് വന്ന് എത്രയും ഉയർന്നതാക്കി മാറ്റുന്നു, അപ്പോഴാണ് പാടപ്പെടുന്നത് ഈശ്വരന്റെ ഗതിയും മതവും വേറിട്ടതാണെന്ന്. ഈശ്വരന്റെ മഹിമയും ഏറ്റവും വേറിട്ടതാണ്. ബാബയുടെ മഹിമ അപരം അപാരമാണ് എന്തുകൊണ്ടെന്നാൽ ബാബയുടെത് പോലുള്ള നിർദ്ദേശം വേറെയാരുടെതുമുണ്ടായിരിക്കുകയില്ല. അതിനെ ശ്രീമത് ഭഗവത് ഗീതയെന്ന് പറയപ്പെടുന്നു. നിർദ്ദേശമാണെങ്കിൽ എല്ലാവരുടെതും ഉണ്ട്. വക്കീലിന്റെ നിർദ്ദേശം, സർജന്റെ നിർദ്ദേശം, അലക്കുകാരന്റെ നിർദ്ദേശം, ഉദാസീ മുതലായവരുടെ നിർദ്ദേശം. എങ്കിലും, അല്ലയോ അങ്ങയുടെ ഗതിയും മതവും വളരെ വേറിട്ടതാണ് എന്ന് മഹിമ പാടാറുള്ളത് ഈശ്വരനെക്കുറിച്ചാണ്. പരംപിതാ പരമാത്മാവ് തന്നെയാണ് ഉയർന്നതിലും ഉയർന്ന ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായത്. ഇത് ഒരു മനുഷ്യന്റെയോ ദേവതയുടെയോ നിർദ്ദേശമല്ല. നിങ്ങളിലും ആരാണോ ഉറച്ച നിശ്ചയബുദ്ധിയുള്ളവർ, അവർക്കേ ഈ കാര്യങ്ങൾ മനസ്സിലാക്കാനും മനസ്സിലാക്കി കൊടുക്കാനും സാധിക്കൂ. അവർക്കറിയാം ബാബയുടെ ശ്രീമതത്തിലൂടെ നമ്മൾ എത്ര ഉയർന്നവരായി മാറുന്നു. ബാബ ലൗഫുൾ, പീസ്ഫുൾ ആണ്. എല്ലാ കാര്യത്തിലും ഫുൾ ആണ് അതിനാൽ നിങ്ങൾക്കും ബാബയിൽ നിന്ന് ഫുൾ സമ്പത്ത് നേടണം. ഫുൾ സമ്പത്ത് എന്താണ്? നമ്പർവൺ വിശ്വത്തിന്റെ അധികാരിയായി മാറുക. കുറഞ്ഞത് സൂര്യവംശീ മാലയിലെങ്കിലും കോർക്കപ്പെടണം. നമ്മൾ തന്നെയായിരുന്നു പൂജ്യർ പിന്നീട് നമ്മൾ തന്നെ പൂജാരിയായി മാറും. മുഴുവൻ ലോകവും അവരുടെ മാല കറക്കുന്നു. ഓർമ്മിക്കുന്നവർ തീർച്ചയായും ഓർമ്മിക്കുന്നു. പക്ഷെ ഓർമ്മിക്കുന്നതിന്റെ അർത്ഥം ആർക്കും അറിയുകയില്ല. പറയുന്നു സ്മരിച്ച് സ്മരിച്ച് സുഖം നേടൂ അർത്ഥം ഒന്നിനെ തന്നെ സ്മരിക്കണം പിന്നെ എന്തുകൊണ്ടാണ് ഇവർ എല്ലാവരെയും സ്മരിക്കുന്നത്. ബാബ പറയുന്നു എല്ലാവരെയും ഓർമ്മിക്കരുത്, കേവലം എന്നെ മാത്രം ഓർമ്മിക്കൂ. അച്ഛനായ എന്നെ വളരെ നന്നായി ഓർമ്മിക്കൂ, എന്നെ ഓർമ്മിച്ചോർമ്മിച്ച് നിങ്ങൾ എന്റെയടുത്ത് എത്തിച്ചേരും. ഞാൻ നിർദ്ദേശം നൽകുകയാണ് അതിനാൽ ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നും കേവലം അച്ഛനായ എന്നെ ഓർമ്മിക്കൂ. എത്ര സഹജമായ ഉപായമാണ്. പറയുന്നു ഓർമ്മിച്ചോർമ്മിച്ച് സുഖം നേടൂ അർത്ഥം ജീവൻ മുക്തിയുടെ പദവി പ്രാപ്തമാക്കൂ. ശരീരത്തിന്റെ ക്ലേശമെല്ലാം ഇല്ലാതാകും. അവിടെ നിങ്ങളുടെ ശരീരത്തിന് ഒരു രോഗവുമുണ്ടാവില്ല. ഇപ്പോൾ ബാബ നിങ്ങൾ കുട്ടികൾക്ക് സന്മുഖത്ത് കേൾപ്പിച്ചു കൊണ്ടിരിക്കുകയാണ്, നിങ്ങൾ കേട്ട് മറ്റുള്ളവരെയും കേൾപ്പിക്കൂ. ഏറ്റവും നന്നായി ഈ ടേപ്പ് റിക്കാർഡർ കേൾപ്പിക്കുന്നു. അല്പം പോലും മിസ് ചെയ്യുകയില്ല. ബാക്കി ഭാവ–ഭേദങ്ങൾ കാണാൻ കഴിയുകയില്ല. ബുദ്ധികൊണ്ട് മനസ്സിലാക്കുന്നു ബാബ ഇങ്ങനെയിങ്ങനെ മനസ്സിലാക്കി കൊടുക്കുകയായിരിക്കും. ഈ ടേപ്പ് മെഷീനാണെങ്കിൽ ഖജനാക്കളുടെ ഭണ്ഡാരമാണ്. മനുഷ്യരാണെങ്കിൽ ശാസ്ത്രങ്ങളുടെ ദാനം ചെയ്യുന്നു.

ഗീത അച്ചടിച്ച് ദാനം ചെയ്യുന്നു. ഈ ടേപ്പ് എത്ര അത്ഭുതകരമായ വസ്തുവാണ്. അല്പം കനം കുറഞ്ഞതാണ് അതിനാൽ ശ്രദ്ധയോടെ ചലിപ്പിക്കേണ്ടതുണ്ട്. ഇത് ഹോസ്പിറ്റൽ കം യൂണിവേഴ്സിറ്റിയാണ്. എല്ലാവർക്കും ആരോഗ്യം, ധനത്തിന്റെ സമ്പത്ത് നൽകാൻ സാധിക്കുന്നു. മുരളിയിലൂടെ തന്നെയാണ് എല്ലാം ലഭിക്കുന്നത്. പക്ഷെ മായാ മോഹിനി അങ്ങനെയാണ് അത് എല്ലാം മറപ്പിക്കുന്നു അഥവാ രാവണൻ മോഹിപ്പിക്കുന്നു അല്ലെങ്കിൽ രാമൻ മോഹിപ്പിക്കുന്നു. രാമൻ ഒരു തവണ മോഹിപ്പിക്കുന്നു, രാവണനാണെങ്കിലോ അരകല്പമായി ആകർഷിച്ച് ആകർഷിച്ച് ഒറ്റയടിക്ക് ചെളിയിൽ പൂഴ്ത്തുന്നു. ഇവിടെ എല്ലാ വസ്തുക്കളും തമോപ്രധാനമാണ്. 5 തത്വങ്ങളും തമോപ്രധാനമാണ്. സത്യയുഗത്തിൽ 5 തത്വങ്ങളും സതോപ്രധാന മായിരിക്കും. എത്ര വളരെ വലിയ ആദായമാണ്. എടുക്കുന്നതാരാണ്! കോടിയിൽ ചിലർ. കുരങ്ങ് ബുദ്ധിയെ ക്ഷേത്ര ബുദ്ധിയാക്കി മാറ്റുന്നതിൽ എത്ര പരിശ്രമമുണ്ട്. മുഴുവൻ ലോകവും വേശ്യാലയമായി മാറി കഴിഞ്ഞു. പിന്നീട് ഞാൻ തന്നെയാണ് വന്ന് ശിവാലയമാക്കി മാറ്റുന്നത്. ഭാരതം ശിവാലയമായിരുന്നു, ഇപ്പോൾ രാവണൻ വേശ്യാലയമാക്കി മാറ്റിയിരിക്കുന്നു. പകുതി-പകുതി സമയം. ബാബ പറയുന്നു കുട്ടികളെ, ഇപ്പോൾ വളരെ നന്നായി സേവനം ചെയ്യൂ. അവരാണെങ്കിൽ പറയാൻ വേണ്ടി മാത്രം പറയുന്നു പതിത പാവനാ വരൂ, പക്ഷെ അറിയുന്നില്ല. അനേക അഭിപ്രായ വ്യത്യാസങ്ങളാണ്. ഭഗവാൻ സ്വയം പറയുന്നു ഇത് ഭ്രഷ്ടാചാരിയായ ലോകമാണ്. മനുഷ്യർ വിഷത്താൽ ഭ്രഷ്ടരാകുന്നു. കാമം ഏറ്റവും വലിയ ശത്രുവാണ്. അവിടെ ഈ വികാരം ഉണ്ടായിരിക്കുകയില്ല. ഈ ഭാരതം അതി സ്നേഹിയായ ബാബയുടെ ജന്മ സ്ഥലമാണ്. ശത്രുവായ രാവണനെ കത്തിക്കുന്നു. എങ്ങനെയാണോ ദേവിമാരുടെ ചിത്രം ഉണ്ടാക്കി പൂജിച്ചിട്ട് പിന്നീട് മുക്കുന്നത്. ഇതെല്ലാം അന്ധവിശ്വാസങ്ങളാണ്. പാതിരിമാരും ഇങ്ങനെയുള്ള കാര്യങ്ങൾ കേൾപ്പിച്ച് അനേകരെ കൺവെർട്ട് ചെയ്യുന്നു. ഡ്രാമയുടെ ഭാവി തന്നെയാണ്. എങ്കിലും അവർ ഒരുപാട് പ്രയത്നിക്കുന്നുണ്ട്. ഈ സമയം മുഴുവൻ ലോകവും രാവണ രാജ്യമാണ്. ഈ സമയം എല്ലാവരും രാവണന്റെ മോശമായ മതത്തിലാണ്. പരംപിതാ പരമാത്മാവ് പതിത പാവനൻ, ആർക്കാണോ ഏറ്റവും കൂടുതൽ മഹിമ, അവരെ സർവ്വവ്യാപിയെന്ന് പറയുകയാണ്. മനുഷ്യർക്ക് വേറെ ഒരു ശത്രുവുമില്ല. മായയോട് തന്നെയാണ് മനുഷ്യർ പീഡിതരാകുന്നത്. അതിൽ നിന്ന് ഒരേയൊരു ബാബയാണ് വന്ന് മോചിപ്പിക്കുന്നത്. വേറെയാർക്കും മോചിപ്പിക്കാൻ സാധിക്കില്ല. ഞാൻ അങ്ങയിൽ ശരണം പ്രാപിക്കുന്നു, പ്രഭൂ എന്റെ മാനം കാത്തു രക്ഷിക്കൂ, അങ്ങനെയും ഗീതമുണ്ട്. ഇപ്പോൾ നിങ്ങളെ രാവണനിൽ നിന്ന് തന്നെയാണ് രക്ഷിക്കുന്നത്. രാവണൻ എത്ര വിഷമിപ്പിച്ചിരിക്കുന്നു. ബാബ പറയുന്നതൊന്ന്, രാവണൻ കൂട്ടികൊണ്ട് പോകുന്നത് വേറെ ഭാഗത്തേക്ക്. ബാബ പറയുന്നു എന്റെ ശ്രീമതത്തിലൂടെ നടക്കൂ, പിന്നെ രാവണൻ മറപ്പിക്കുന്നു. ബാബ വിശ്വത്തിന്റെ അധികാരിയാക്കാൻ വന്നിരിക്കുകയാണ്. രക്തം കൊണ്ട് പോലും എഴുതി നൽകുകയാണ് എന്നിട്ടും മായ മറപ്പിച്ച് മുഖം തിരിപ്പിക്കുകയാണ്. ഇതെല്ലാം ബുദ്ധിയുടെ കാര്യമാണ്. ബാബ പറയുന്നു കുട്ടികളെ ഇപ്പോൾ തിരിച്ച് പോകണം അതിനാൽ എന്നെ ഓർമ്മിക്കൂ എങ്കിൽ ഉയർന്ന പദവി നേടാം.

ബാബ പറയുന്നു - കുട്ടികളെ, ശ്രീമതത്തെ ഒരിക്കലും മറക്കരുത്. പക്ഷെ കാരണത്താലോ അകാരണത്താലോ തന്റെ മതത്തിൽ അഥവാ ആരുടെയെങ്കിലും പ്രശ്നത്താൽ ബാബയെ ഉപേക്ഷിക്കുന്നു. ഇതിനെ യുദ്ധസ്ഥലമെന്ന് പറയുന്നു. ഒരു ഭാഗത്ത് രാവണന്റെ മതത്തിലുള്ളവർ. മറുഭാഗത്ത് രാമന്റെ മതത്തിലുള്ളവർ. നിങ്ങൾ ഭഗവാനിൽ നിന്ന് സ്വർഗ്ഗത്തിന്റെ സമ്പത്ത് എടുക്കുകയാണല്ലോ. ഇത്രയുമെല്ലാം എടുത്തുകൊണ്ടിരിക്കുന്നു, എന്താ ഇത് വിഡ്ഢിത്തമാണോ! നിങ്ങളും ഭഗവാന്റെ സന്താനങ്ങളാണ്, നിങ്ങളും സമ്പത്തെടുക്കൂ. പരംപിതാ പരമാത്മാവ് ബ്രഹ്മാവിലൂടെ പുതിയ സൃഷ്ടി രചിക്കുന്നു. വിഷ്ണുവിലൂടെ ദേവതകളെ രചിച്ചു, ഇങ്ങനെയല്ല. ബ്രഹ്മാവിലൂടെ വിഷ്ണുപുരി രചിക്കുന്നു. പറയുന്നുമുണ്ട് വളരെ ശരിയാണ്. വിഷ്ണുവിന്റെ രാജധാനിയിൽ നമ്മൾ രാജ്യം ഭരിക്കും. ഇരിക്കെ ഇരിക്കെ പിന്നെ അപ്രത്യക്ഷമാകുന്നു. കാരണത്താലോ അകാരണത്താലോ പിന്നെ അഭിപ്രായ വ്യത്യാസത്തിൽ വരുന്നു. ചിലർ ബന്ധനത്തിൽ പെട്ടു അഥവാ ചിലർ എന്തെങ്കിലും പറഞ്ഞാൽ മറന്നു പോകുന്നു. നോക്കൂ ഇത് അനേകം ബി.കെ. ആണ്, പരംപിതാ പരമാത്മാവിൽ നിന്ന് സമ്പത്ത് എടുത്തു കൊണ്ടിരിക്കുന്നു. നല്ല രീതിയിൽ പഠിച്ചുകൊണ്ടിരിക്കുന്നു പക്ഷെ പുറത്ത് പോകുമ്പോൾ മറന്നു പോകുന്നു. മായ ഭ്രഷ്ടബുദ്ധിയാക്കി മാറ്റിയിരിക്കുകയാണ്. മനസ്സിലാക്കി കൊടുക്കുന്നതിന് വേണ്ടി എത്ര പ്രയത്നിക്കേണ്ടി വരുന്നു. കുട്ടികൾ സേവനത്തിന് വേണ്ടി ഇടക്കിടക്ക് ജോലിയിൽ നിന്ന് ലീവെടുക്കുന്നു. എല്ലാവരിലും കരുണ ചെയ്യാൻ ആഗ്രഹിക്കുന്നു എന്തുകൊണ്ടെന്നാൽ ഇതു പോലെ ദു:ഖിയും നയാ പൈസക്ക് വിലയില്ലാത്തവരുമായി ആരുമില്ല. എല്ലാവരുടെയും ഈ ധനവും സമ്പത്തും മണ്ണിൽ ലയിച്ചു ചേരും. ബാക്കി നിങ്ങളുടെത് സത്യമായ സമ്പാദ്യമാണ്. നിങ്ങൾ കൈ നിറച്ച് പോകും. ബാക്കി എല്ലാവരും കാലിയായ കൈയ്യുമായി പോകും. ഇതാണെങ്കിൽ എല്ലാവരും മനസ്സിലാക്കുന്നു തീർച്ചയായും വിനാശമുണ്ടാകണം. എല്ലാവരും പറയുന്നു അതേ മഹാഭാരത മഹായുദ്ധത്തിന്റെ സമയമാണ്,

എല്ലാവരെയും കാലൻ വിഴുങ്ങും. പക്ഷെ എന്താണ് സംഭവിക്കുന്നത്, ഇത് മനസ്സിലാക്കുന്നില്ല. ബാബ സ്വയം പറയുന്നു ഞാൻ നിങ്ങളെല്ലാവരെയും തിരിച്ച് കൂട്ടികൊണ്ട് പോകാൻ വന്നിരിക്കുകയാണ്. എന്നെ തന്നെയാണ് കാലൻ, മഹാകാലൻ എന്ന് പറയുന്നത്. മരണം മുന്നിൽ നിൽക്കുകയാണ് അതുകൊണ്ട് എന്റെ ശ്രീമതത്തിലൂടെ നടക്കൂ ഉയർന്ന പദവിയും എടുക്കൂ. ജീവൻ മുക്തിയിലാണ് പദവി. മുക്തിയിൽ എല്ലാ ധർമ്മസ്ഥാപകരുമിരിക്കും. അവരും എപ്പോഴാണോ ആദ്യം വരുന്നത് അപ്പോൾ സതോപ്രധാനം പിന്നെ സതോ രജോ തമോയിൽ വരുന്നു. ഉയർന്നവരും താഴ്ന്നവരും, യാചകനും രാജകുമാരനും. ഭാരതം ഈ സമയം ഏറ്റവും താഴ്ന്ന പതിതമാണ്. നാളെ വീണ്ടും പാവന രാജകുമാരനായി മാറും. ദേവീ ദേവതാ ധർമ്മം വളരെ സുഖം തരുന്നതാണ്. ഇത്രയും സുഖം ബാക്കി ഏത് ധർമ്മത്തിലും ഉണ്ടാവുക സാധ്യമല്ല. നിങ്ങൾ കുട്ടികൾ സത്യയുഗത്തിലെ അധികാരിയായിരുന്നു, ഇപ്പോൾ നരകത്തിലെ അധികാരിയായിരിക്കുകയാണ് വീണ്ടും നിങ്ങൾ സത്യയുഗത്തിൽ ആദ്യമായി ജനിക്കും. ഹം സോയുടെ അർത്ഥവും മനസ്സിലാക്കുന്നില്ല. നമ്മൾ ജീവാത്മാവ് ഈ സമയം ബ്രാഹ്മണരാണ്, ഇതിന് മുമ്പ് ശൂദ്രനായിരുന്നു. ഇന്നലെ നമ്മൾ തന്നെയായിരുന്നു ദേവത പിന്നീട് ക്ഷത്രിയരായി മാറും. പിന്നീട് വൈശ്യ, ശൂദ്ര കുലത്തിൽ വരും. ഇപ്പോൾ നമ്മുടെ കയറുന്ന കലയാണ്. സത്യയുഗത്തിൽ ഈ ജ്ഞാനമുണ്ടായിരിക്കുകയില്ല, ഇതിന് മുമ്പ് നമ്മൾ ഇറങ്ങുന്ന കലയിലായിരുന്നു. ബാബ കയറുന്ന കലയിലേക്ക് കൂട്ടികൊണ്ട് പോകുന്നു. പക്ഷെ ആരുടെ ബുദ്ധിയിലും ഈ ജ്ഞാനം നിൽക്കുന്നില്ല എന്തുകൊണ്ടെന്നാൽ എന്നോടൊപ്പം ബുദ്ധിയോഗമില്ല അതിനാൽ സ്വർണ്ണിമ യുഗത്തിന് പാത്രമായി മാറുന്നതേയില്ല.

ബാബ പറയുന്നു – കേവലം വായകൊണ്ട് ബാബാ ബാബാ എന്ന് പറയരുത്. എന്നാൽ ഉള്ളിൽ ബാബയെ ഇങ്ങനെ ഓർമ്മിക്കണം അതിലൂടെ അവസാനം സദ്ഗതിയുണ്ടാകണം. ദേഹത്തിന്റെ ബോധത്തെ വിട്ട് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. എത്ര സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുന്നുവോ, ബാബയെ ഓർമ്മിക്കുന്നോ അത്രയും നിങ്ങളുടെ വികർമ്മം വിനാശമാകും അല്ലാതെ വേറെ ഒരു ഉപായവുമില്ല. ഭഗവാനുവാച – നിങ്ങൾക്ക് എല്ലാവർക്കും മനസ്സിലാക്കി കൊടുക്കണം നിങ്ങൾ ഏതെല്ലാം യജ്ഞം, തപം, ദാനം ചെയ്യുന്നുവോ – ഇതിലൂടെ എന്നെ ലഭിക്കില്ല. ഇപ്പോൾ നിങ്ങളാണെങ്കിൽ അപ്പടി പതിതമായി മാറിയിരിക്കുകയാണ്. ഒരാൾ പോലും എന്റെയടുത്തേക്ക് വരുകയില്ല. നാടകത്തിൽ അവസാനം വരെ എല്ലാ അഭിനേതാക്കൾക്കുമിരിക്കണം. എപ്പോൾ നാടകം പൂർത്തിയാകുന്നുവോ അപ്പോൾ എല്ലാവർക്കും തിരിച്ച് പോകണം. ആത്മാക്കൾ വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. ഇടയിൽ നിന്ന് പോകാൻ സാധിക്കില്ല. സ്ഥാപന ചെയ്യുന്നവർ തന്നെയാണ് ഇവിടെ ഇരിക്കുന്നത്. 84 ജന്മമെടുക്കുന്നത്. വൃക്ഷത്തിന് ജീർണ്ണാവസ്ഥ പ്രാപിക്കണം. ഇത് മനസ്സിലാക്കേണ്ട വളരെ നല്ല കാര്യമാണ്. വളരെ ശ്രദ്ധയോടെയിരിക്കണം മായ എവിടെയും ചതിക്കരുത്. തന്റെ മുഖം മുകളിൽ വെക്കണം, സന്തോഷത്തോടെ പോകണം. (ജഡത്തിന്റെ മുഖം തിരിച്ചു വെക്കുന്നു) ബാബ പറയുന്നു തന്റെ മുഖം സ്വർഗ്ഗത്തിന്റെ നേരെ വെക്കൂ, പാദം നരകത്തിന്റെ നേരെയും, അതുകൊണ്ടാണ് കൃഷ്ണന്റെ അങ്ങനെയുള്ള ചിത്രം ഉണ്ടാക്കിയിരിക്കുന്നത്. ശ്യാമ സുന്ദരനെ ഉണ്ടാക്കുന്നു. നിങ്ങളും നമ്പർവൺ വെളുത്തവരാകുന്നു അപ്പോൾ പറയുന്നു മനുഷ്യനിൽ നിന്ന് ദേവതയായി... അർത്ഥം കലിയുഗത്തെ സത്യയുഗമാക്കുക, ബാബയുടെ ജോലിയാണ്. നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ ശ്രീമതത്തിലൂടെ വിശ്വത്തിന്റെ രാജ്യം സ്ഥാപിക്കുകയാണ്, അതിൽ പോയി രാജ്യം ഭരിക്കും. ഇതിൽ യജ്ഞ തപം ചെയ്യേണ്ട ആവശ്യമില്ല. ബാബ ഇദ്ദേഹത്തിലൂടെ നിർദ്ദേശം നൽകുന്നു എന്നെ ഓർമ്മിക്കൂ. ഇപ്പോൾ രാജധാനി സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ ഏത് പദവി ആഗ്രഹിക്കുന്നുവോ അത് എടുക്കൂ. എങ്ങനെയാണോ ഈ മമ്മ ഇപ്പോൾ ജ്ഞാന ജ്ഞാനേശ്വരിയാണ്, പോയി രാജ രാജേശ്വരിയായി മാറും. ഈ ജ്ഞാനം രാജയോഗത്തിന്റേത് തന്നെയാണ്, അതിനാൽ ഇങ്ങനെയുള്ള കോളേജിൽ എത്ര നല്ല രീതിയിൽ പഠിക്കണം. ബാബ പറയുന്നു ഇന്ന് വളരെ നല്ല നല്ല പോയിന്റുകൾ കേൾപ്പിക്കുകയാണ്, അതിനാൽ പൂർണ്ണ ശ്രദ്ധ വെക്കൂ. മിത്ര സംബന്ധികളുടെയും മംഗളം ചെയ്യൂ. ആരുടെ ഭാഗ്യത്തിലാണോ ഉള്ളത് അവർ എടുക്കും. ശിവന്റെ ക്ഷേത്രത്തിൽ പോയി പ്രഭാഷണം ചെയ്യൂ. ശിവബാബ നരകത്തെ സ്വർഗ്ഗമാക്കാൻ വന്നിരിക്കുകയാണ്. അനേകർ ആകുന്നതിന് വേണ്ടി വരും. മായയോടൊപ്പം നിങ്ങളുടെ ശക്തിശാലിയായ യുദ്ധമാണ്. നല്ല നല്ല കുട്ടികൾക്ക് ഇന്ന് ലഹരി വർദ്ധിക്കുന്നു, നാളെ ഇല്ലാതാകുന്നു. നിങ്ങൾക്കറിയാം പഴയ ലോകം അവസാനിക്കുകയാണ്. നമ്മൾ ഈ പഴയ ശരീരം ഉപേക്ഷിച്ച് പുതിയ ലോകത്തിൽ പോയി കാൽ വെക്കും. ഈ ഡൽഹി സ്വർഗ്ഗമാകും. ഇപ്പോൾ സ്വർഗ്ഗത്തിൽ പോകുന്നതിന് വേണ്ടി പുഷ്പമായി മാറൂ. ശരി –

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1. ദേഹാഭിമാനം വിട്ട് ബാബയെ ഉള്ളിന്റെ ഉള്ളിൽ ഇങ്ങനെ ഓർമ്മിക്കണം അപ്പോൾ അവസാനം സദ്ഗതി ഉണ്ടാകും. ബുദ്ധിയെ ഓർമ്മയിലൂടെ ഗോൾഡൻ ഏജാക്കി മാറ്റണം.

2. ഒരിക്കലും തന്റെ മതം അഥവാ അഭിപ്രായ വ്യത്യാസത്തിൽ വന്ന് പഠിപ്പ് ഉപേക്ഷിക്കരുത്. തന്റെ മുഖം സ്വർഗ്ഗത്തിന്റെ നേരെ വെക്കണം. നരകത്തെ മറക്കണം.

## വരദാനം:-സർവ്വ പ്രാപ്തികളെയും മുന്നിൽ വെച്ച് ശ്രേഷ്ഠമായ പ്രൗഢിയിലിരിക്കുന്ന മാസ്റ്റർ സർവ്വശക്തിവാനായി ഭവിക്കട്ടെ.

നമ്മൾ സർവ്വശ്രേഷ്ഠ ആത്മാക്കളാണ്, ഉയർന്നതിലും ഉയർന്ന ഭഗവാന്റെ മക്കളാണ്-ഈ പ്രതാപം സർവ്വ ശ്രേഷ്ഠ പ്രതാപമാണ്, ആര് ഈ ശ്രേഷ്ഠ പ്രൗഢിയുടെ സീറ്റിൽ ഇരിക്കുന്നുവോ അവർ ഒരിക്കലും പര വശപ്പെടുകയില്ല. ദേവതകളുടെ പ്രതാപത്തേക്കാൾ ഉയർന്നത് ഈ ബ്രാഹ്മണരുടെ പ്രതാപമാണ്. സർവ്വ പ്രാപ്തികളുടെയും ലിസ്റ്റ് അരികിൽ വെക്കൂ, എങ്കിൽ തന്റെ ശ്രേഷ്ഠപ്രതാപം സദാ സ്മൃതിയിലിരിക്കും, മാത്രമല്ല ഈ ഗീതം പാടിക്കൊണ്ടേയിരിക്കും- നേടേണ്ടത് നേടിക്കഴിഞ്ഞു...സർവ്വ പ്രാപ്തികളുടെയും സ്മൃതിയിലൂടെ മാസ്റ്റർ സർവ്വശക്തിവാന്റെ സ്ഥിതി സഹജമായി ആയിത്തീരും.

## സ്ലോഗൻ:- യോഗിയും പവിത്രവുമായ ജീവിതം തന്നെയാണ് സർവ്വ പ്രാപ്തികളുടെയും ആധാരം.